DDP-IDK/10243/2022-A1

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്

ഇടുക്കി, പൈനാവ്

**03/03/2023**

ഫോൺ 04862 295011

ഇ മെയിൽ ddpidukki@gmail.com

**<u>ക്വട്ടേഷൻ / ലേല നോട്ടീസ്</u>**

പഞ്ചായത്ത് ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള 2009 മോഡൽ KL-01-AV-7241 നമ്പർ മഹീന്ദ്ര ബൊലേറോ ജീപ്പ് ക്വട്ടേഷൻ/ലേലം ചെയ്ത് വിൽക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ വെച്ച് നടത്തുന്ന പരസ്യ ലേലത്തിൽ ജി .എസ്.ടി രജിസ്ട്രേഷനുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പങ്കെടുക്കാവുന്നതും കൂടുതൽ തുക ലേലം കൊള്ളുന്ന/ ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതുമായിരിക്കും. ലേലത്തിനാവശ്യമായ നിരത ദ്രവ്യ തുകയായ 2500/- രൂപ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ വിലാസത്തിൽ ഡി.ഡി ആയോ പണമായോ ലേലം ആരംഭിക്കുന്നതിനു മുൻപ് കെട്ടി വയ്ക്കേണ്ടതാണ്. ലേലം കൊള്ളുന്നയാൾ/സ്ഥാപനം ലേലം ഉറപ്പിച്ചയുടൻ തന്നെ 18% നികുതി ഉൾപ്പെടെയുള്ള ലേലതുക മുഴുവനായും കെട്ടി വയ്ക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ നിരതദ്രവ്യ തുകയായ 2500/- രൂപ ഡിമാന്റ് ഡ്രാഫ്റ്റ് ആയി ഉള്ളടക്കം ചെയ്ത് ലേല ദിവസം പകൽ 11 മണിക്ക് മുൻപായി ഈ ഓഫീസിൽ ലഭിക്കത്തക്ക രീതിയിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. ലേലം പൂർത്തിയായാലുടൻ ക്വട്ടേഷൻ തുറക്കുന്നതും കൂടുതൽ തുകയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ച/ ലേലം വിളിച്ച ആളുടെ പേർക്ക് ക്വട്ടേഷൻ/ലേലം ഉറപ്പിക്കുന്നതുമാണ്. വാഹനം ക്വട്ടേഷൻ/ലേലം കൊള്ളുന്നയാൾ വാഹനം തന്റെ പേരിലേക്ക് മാറ്റി 15 ദിവസത്തിനുള്ളിൽ ലേല വസ്തു നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ആയവ പുനർലേലത്തിനു വിധേയമാക്കുന്നതും , ആയതിന് വേണ്ടി വരുന്ന ചെലവും നഷ്ടമുണ്ടാകുന്ന പക്ഷം ആയതും ക്വട്ടേഷൻ /ലേലം കൊള്ളുന്നയാളിൽ /സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. ക്വട്ടേഷൻ/ലേലം പൂർണ്ണമായോ ഭാഗികമായോ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷൻ/ലേലത്തിനുള്ള എല്ലാ നിബന്ധനകളും ടി ക്വട്ടേഷൻ/ലേലത്തിനും ബാധകമായിരിക്കുന്നതാണ്. ലേല വസ്തു പരിശോധിക്കുന്നതിനും ക്വട്ടേഷൻ/ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിനും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയത്ത് (രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെ ) സൌകര്യമുണ്ടായിരിക്കുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ -04862 295011

<u>ലേലം ചെയ്യുന്ന വാഹനത്തിന്റെ വിവരങ്ങൾ</u>

1. Registration No. KL-01-AV-7241

2. Makers Name Mahindra & Mahindra

3. Model 2009

4. Basic Auction Value 100000/- and 18% GST

5. EMD 2500/-

ലേലം നടത്തുന്ന തീയതിയും സമയവും **15/03/2023, പകൽ 12 മണി**

ലേലത്തിൽ പങ്കെടുക്കുന്നവർ 15**/03/2023 പകൽ 11 മണിയ്ക്കകം** നിരത ദ്രവ്യം അടയ്ക്കേണ്ടതാണ്.

ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും- **15**/**03/2023 പകൽ 11 മണിയ്ക്കകം.**

| ക്രമ നമ്പർ | ലേല വ്യവസ്ഥകൾ |
|---|---|
| 1 | ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ള വ്യക്തികളോ സ്ഥാപനങ്ങളോ മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ പാടുള്ളൂ. |
| 2 | ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്. |
| 3 | നിരത ദ്രവ്യം അടക്കാത്തവരെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. |
| 4 | ലേലം പൂർത്തിയായാലുടൻ ക്വട്ടേഷൻ തുറക്കുന്നതും ഏറ്റവും കൂടുതൽ തുകയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ച/ ലേലം വിളിച്ച ആളുടെ /സ്ഥാപനത്തിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയത് സ്ഥിരപ്പെടുത്തുന്നതുമാണ്. |
| 5 | ക്വട്ടേഷൻ/ലേലം തക്കതായ കാരണത്താൽ മാറ്റി വയ്ക്കുന്നതിനോ നിർത്തി വയ്ക്കുന്നതിനോ ലേലം നടത്തുന്ന ആൾക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. |
| 6 | ക്വട്ടേഷൻ/ലേലം സംബന്ധമായ കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് (രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെ ) അറിയാവുന്നതാണ്. |
| 7 | ക്വട്ടേഷൻ/ലേലം ഉറപ്പിച്ചു കിട്ടുന്നയാൾ/സ്ഥാപനം 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. |
| 8 | ക്വട്ടേഷൻ/ലേലം അംഗീകരിച്ചതിനു ശേഷം ടി വാഹനത്തിന്റെ ഉടമസ്ഥാവകാശം ക്വട്ടേഷൻ/ലേലം കൊണ്ടയാളുടെ/സ്ഥാപനത്തിന്റെ പേർക്ക് സ്വന്തം ചെലവിൽ 15 ദിവസത്തിനകം മാറ്റേണ്ടതും തുടർന്ന് രേഖകൾ ഹാജരാക്കിയതിനു ശേഷം മാത്രം വാഹനം വിട്ടു നൽകുന്നതുമാണ്. അല്ലാതെ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഈ ഓഫീസ് ഉത്തരവാദിയായിരിക്കുന്നതല്ല. |
| 9 | മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ലേലാവകാശം യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദു ചെയ്യുന്നതും ആയതു മൂലം ഉണ്ടാകുന്ന നഷ്ടം ടി വ്യക്തിയിൽ/സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതുമാണ്. |

**JOSEPH SEBASTIAN**

**DEPUTY DIRECTOR OF PANCHAYATH**

പകർപ്പ്

1. dop.kerala.gov.in/tender വെബ്സൈറ്റ്
2. ആഫീസ് നോട്ടീസ് ബോർഡ്
3. ജില്ലാ പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡ്
4. ഇൻഫർമേഷൻ ഓഫീസ് നോട്ടീസ് ബോർഡ്

Signature Not Verified

Digitally signed by JOSEPH SEBASTIAN
Date: 2023.03.03 12:30:56 IST
Reason: Approved